## മലങ്കര ഓർത്തഡോക്സ്

## സുറിയാനി സഭയുടെ

# ഭരണഘടന

**As Amended in 2011**

## മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ

# ഭരണഘടന

(1934 മുതൽ നിലവിലുള്ളത്)

(As Amended in 2011)

As Amended in 2011
Printed at the Catholicate Press, Kottayam
May 2012

## മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ

# ഭരണഘടന

## 1. പ്രഖ്യാപനം

1. മലങ്കരസഭ - ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസും ആകുന്നു.
2. മലങ്കരസഭ - മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.
3. ഓർത്തഡോക്സ് സുറിയാനി സഭയെ ചില കാരണങ്ങളാൽ പിശകായി യാക്കോബായ സഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നതുപോലെ മലങ്കര സഭയേയും അതേ കാരണങ്ങളാൽ യാക്കോബായ സഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നുണ്ടെങ്കിലും, അതിനുള്ള പൂർവ്വീകമായ സാക്ഷാൽ പേര് "മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ" എന്നാകുന്നു.
4. വി. മാമോദീസാ കൈക്കൊണ്ടവരും വി. ത്രിത്വത്തിന്റെ ദൈവത്വം, പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, വി. സഭ എന്നിവയിലും, അവയിൽ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഉപയോഗം, വി. പാരമ്പര്യങ്ങളുടെ ദൈവനിശ്വാസം, ദൈവമാതാവിന്റെയും ശുദ്ധിമാന്മാരുടെയും മദ്ധ്യസ്ഥത, മരിച്ചവരുടെ ഓർമ്മ, ഏഴു കൂദാശകളുടെ കർമ്മങ്ങൾ, നോമ്പ് മുതലായി നിയമാനുസരണമുള്ള

അനുഷ്ഠാനങ്ങൾ എന്നിവയിലും വിശ്വാസമുള്ളവരും അവയെ അനുഷ്ഠിക്കേണ്ട ബാദ്ധ്യത സ്വീകരിച്ചിട്ടുള്ളവരും ആയ എല്ലാ സ്ത്രീപുരുഷന്മാരും ഈ സഭയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു.

5. ഈ സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബർ എബ്രായയാൽ എഴുതപ്പെട്ട ഹൂദായ കാനോൻ ആകുന്നു. (1898-ാം ആണ്ട് പാരീസ് പട്ടണത്തിൽ അച്ചടിച്ചിട്ടുള്ളത് ഈ കാനോൻ തന്നെയാണ്.)

## 2. പള്ളി ഇടവക

### A. ഇടവകയോഗം

6. ഓരോ പള്ളി ഇടവകയ്ക്കും ഓരോ പള്ളി ഇടവക യോഗം ഉണ്ടായിരിക്കേണ്ടതാകുന്നു.

ഓരോ പള്ളി ഇടവകയ്ക്കും ഓരോ ഇടവക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാകുന്നു. ഇടവകയിലെ ഓരോ അംഗത്തിന്റെയും പേര് ഇടവക രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാകുന്നു. ഇടവകയിലെ ഏതെങ്കിലും അംഗം സഭയിൽനിന്നു മാറ്റപ്പെടുകയോ, മറ്റുസഭയിലേക്ക് വിവാഹം ചെയ്ത് അയയ്ക്കപ്പെടുകയോ, സ്ഥിരമായി മറ്റൊരു ഇടവകാംഗത്വം സ്വീകരിക്കുകയോ ചെയ്താൽ ഇടവകയിലെ അംഗത്വം നഷ്ടമാകുന്നതാണ്.

7. ഭരണഘടന 10, 11 വകുപ്പുകളിൽ പറയുന്ന പ്രകാരമുള്ള നിരോധനം ഉള്ളവരൊഴികെ, ഇരുപത്തിഒന്നു വയസ്സ് പ്രായം തികഞ്ഞവരും ആണ്ടിൽ ഒരുതവണ എങ്കിലും കുമ്പസാരിച്ച് വി. കുർബാന കൈക്കൊള്ളുന്നവരും ഇടവക രജിസ്റ്ററിൽ പേരുള്ളവരുമായ എല്ലാ സ്ത്രീപുരുഷന്മാരും ഇടവകയോഗത്തിൽ അംഗങ്ങളായിരിക്കും. യോഗത്തിലെ എല്ലാ അംഗങ്ങൾക്കും വോട്ടവകാശവും, ഇടവകയിലെ ഭരണസമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെടുവാനുള്ള അവകാശവും ഉണ്ടായിരിക്കും.

8. ഇടവകയോഗാംഗങ്ങളുടെ പേരു വിവരം അടങ്ങിയ ഇടവകയോഗ രജിസ്റ്ററും കുമ്പസാരിച്ചിട്ടുള്ളവരുടെ





പേരുവിവരം അടങ്ങിയ കുമ്പസാര രജിസ്റ്ററും ഉണ്ടായിരിക്കേണ്ടതാകുന്നു.

9. ഒരു പള്ളി ഇടവകയിലെ ഒരു അംഗത്തിന് വേറൊരു പള്ളി ഇടവകയിൽ സ്ഥിരമായോ, ഉദ്യോഗാർത്ഥവും മറ്റും താൽക്കാലികമായി സ്വന്തം പള്ളി ഇടവക വിട്ട് താമസിക്കുന്നപക്ഷം, അതതു സ്ഥലത്തുള്ള പള്ളി ഇടവകയിൽ താല്ക്കാലികമായോ, ചേരാവുന്നതും അപ്രകാരം സ്ഥിരമായോ, താല്ക്കാലികമായോ ഇടവക ചേരുന്നത് വിട്ടുപോരുന്ന പള്ളി ഇടവകയുടെയും, ചേരുന്ന പള്ളി ഇടവകയുടെയും വികാരിമാരുടെ അനുമതിയോടുകൂടി ആയിരിക്കേണ്ടതും ഇടവക വിട്ട വിവരവും ഇടവക ചേർന്ന വിവരവും അതതു വികാരി ഇടവക മെത്രാപ്പോലീത്തായ്ക്കു റിപ്പോർട്ടു ചെയ്യേണ്ടതും ആകുന്നു. ഇടവക മാറ്റത്തിന് വികാരിയുടെ അനുമതി ലഭിക്കാത്തപക്ഷം ഇടവക മെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിക്കാവുന്നതും ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനമനുസരിച്ച് നടന്നുകൊള്ളേണ്ടതും ആകുന്നു. താല്ക്കാലികമായി ഇടവക ചേരുന്നവർക്ക് അവർ അപ്രകാരം തുടരുന്നിടത്തോളം കാലം അവരവരുടെ സ്ഥിരം ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനോ വോട്ടു ചെയ്യുന്നതിനോ അവകാശമില്ലാത്തതാകുന്നു.

10. ഒരു ഇടവകയോഗാംഗം ഏതെങ്കിലും ഇനത്തിൽ പള്ളിക്കോ സമുദായത്തിനോ ചെല്ലേണ്ട സംഖ്യ ആറുമാസക്കാലത്തേക്കു കൊടുക്കാതെ വീഴ്ച വരുത്തിയാൽ ആ അംഗത്തിന് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനോ വോട്ടു ചെയ്യുന്നതിനോ അവകാശമില്ലാത്തതും, ഒരു വർഷത്തേക്ക് ടി സംഖ്യ കൊടുക്കാതെ വീഴ്ച വരുത്തിയാൽ ആ അംഗത്തിന്റെ പേര് ഇടവകയോഗ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെടുന്നതും, ഇപ്രകാരം നീക്കം ചെയ്യപ്പെട്ട ഒരു അംഗം കുടിശ്ശിക മുഴുവനും കൊടുക്കുന്നതിനു മുമ്പായി സ്വന്തം ഇടവക യോഗത്തിലോ മറ്റേതെങ്കിലും ഇടവക യോഗത്തിലോ അംഗമായിരിക്കുന്നതല്ലാത്തതും ആകുന്നു. ടി അംഗത്തെ

സംബന്ധിച്ച് മേലാൽ എന്തു ചെയ്യണമെന്ന് ഇടവക മെത്രാപ്പോലീത്തായെ വികാരി അറിയിച്ച് അദ്ദേഹത്തിന്റെ രേഖാമൂലമായ കല്പന അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

11. മേൽപ്രകാരം നീക്കപ്പെടുന്ന അംഗം കുടിശ്ശിക കൊടുത്തശേഷവും, പുതുതായി ചേരുന്ന അംഗം ചേർന്ന ശേഷവും, മൂന്നുമാസം കഴിയുന്നതിനു മുമ്പായി ഇടവകയോഗത്തിൽ വോട്ടുചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

12. വികാരി ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതും യോഗത്തിനുമുമ്പ് രണ്ടു ഞായറാഴ്ചകളിൽ ശുശ്രൂഷ സമയത്ത് യോഗത്തെപ്പറ്റിയും യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങളെപ്പറ്റിയും വികാരിയോ, കർമ്മം അനുഷ്ഠിക്കുന്ന പട്ടക്കാരൻ വികാരിയുടെ നിയോഗമനുസരിച്ചോ ഇടവ പള്ളിയിൽ വിളിച്ചു പറഞ്ഞശേഷം രണ്ടാമതു വിളിച്ചു പറഞ്ഞ ഞായറാഴ്ച തന്നെയോ തുടർന്നുള്ള ഏതെങ്കിലും ദിവസമോ യോഗം കൂടേണ്ടതും ആകുന്നു. ഇടവക യോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടു ചെയ്യുന്നതിനും അർഹതയുള്ളവരുടെ ലിസ്റ്റ് ഇടവക യോഗത്തെപ്പറ്റി വിളിച്ചു പറയുന്ന ആദ്യ ഞായറാഴ്ച വികാരിയോ, വികാരിയുടെ നിയോഗമനുസരിച്ച് സെക്രട്ടറിയോ, പള്ളിയിൽ നോട്ടീസ് ബോർഡിൽ പതിച്ചോ മറ്റു വിധത്തിലോ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. ആവശ്യം നേരിടുന്ന പക്ഷം ഇടവകയോഗാംഗങ്ങൾക്ക് എല്ലാവർക്കും രേഖാമൂലം വികാരിയോ, വികാരിയുടെ നിയോഗമനുസരിച്ച് സെക്രട്ടറിയോ, ഒരാഴ്ചത്തെ നോട്ടീസ് കൊടുത്ത് ഇടവകയോഗം കൂടാവുന്നതാകുന്നു. ഇടവകയുടെ ആഭിമുഖ്യത്തിൽ മറ്റു പള്ളികളോ ചാപ്പലുകളോ ഉണ്ടെങ്കിൽ അവയിൽ യോഗവിവരം ഇടവകയോഗം നിശ്ചയിച്ചിട്ടുള്ള വിധത്തിൽ അറിയിക്കേണ്ടതാകുന്നു. ഇടവകമെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി ഇടവകയെ വാർഡുകളായി തിരിച്ച് അതതു വാർഡുകളിലെ ഇടവകയോഗാംഗങ്ങളിൽ നിന്ന് ഇടവക





യോഗത്തിലേക്ക് ഒന്നോ അതിലധികമോ പ്രതിനിധികളെ തെരഞ്ഞെടുക്കാവുന്നതും പ്രതിനിധികളുടെ യോഗം ചെയ്യുന്ന തീരുമാനം ഇടവകയോഗത്തിന്റെ തീരുമാനം ആയിരിക്കുന്നതും ആകുന്നു. ഇടവകയോഗത്തിനു കോറം നോക്കേണ്ട ആവശ്യമില്ലാത്തതാകുന്നു.

13. ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും ഇടവകയോഗം കൂടേണ്ടതാകുന്നു. വികാരിക്ക് ആവശ്യമെന്നു തോന്നുമ്പോഴോ, മാനേജിംഗ് കമ്മറ്റി ആവശ്യപ്പെടുമ്പോഴോ, ഇടവകയോഗാംഗങ്ങളിൽ 100 ന് 20 കണക്ക് അംഗങ്ങൾ ആവശ്യപ്പെടുമ്പോഴോ വികാരി ഇടവകയോഗം വിളിച്ചു കൂട്ടേണ്ടതാകുന്നു. ആവശ്യം നേരിട്ടാൽ ഒരു ഞായറാഴ്ച വിളിച്ചു പറയുകയോ, പറയിക്കുകയോ ചെയ്ത ശേഷം ഇടവകമെത്രാപ്പോലീത്തായ്ക്ക് അടുത്ത ഏതെങ്കിലും ദിവസം ഇടവകയോഗം വിളിച്ചുകൂട്ടാവുന്നതും അങ്ങനെ കൂടുന്ന യോഗത്തിൽ ഇടവകമെത്രാപ്പോലീത്താ ആദ്ധ്യക്ഷ്യം വഹിക്കുന്നതും ആകുന്നു.

14. അവകാശമുള്ള കക്ഷി ആവശ്യപ്പെടുന്നതനുസരിച്ച് വികാരി യോഗം വിളിച്ചുകൂട്ടാത്ത പക്ഷം ഇടവക മെത്രാപ്പോലീത്തായുടെ തീർച്ച അനുസരിച്ച് നടന്നു കൊള്ളേണ്ടതും ആകുന്നു.

15. വികാരി ഇടവകയോഗത്തിന്റെ പ്രസിഡണ്ടും സഹപട്ടക്കാർ ഉണ്ടെങ്കിൽ അവർ വൈസ് പ്രസിഡണ്ടന്മാരും ആയിരിക്കുന്നതാകുന്നു. 13-ാം വകുപ്പിൽ പറയുന്ന പ്രകാരം ഇടവകമെത്രാപ്പോലീത്തായും 98-ാം വകുപ്പിൽ പറയുന്ന പ്രകാരം മലങ്കര മെത്രാപ്പോലീത്തായും വിളിച്ചു കൂട്ടുന്നതൊഴിച്ചുള്ള ഇടവകയോഗത്തിൽ വികാരി ആദ്ധ്യക്ഷ്യം വഹിക്കുന്നതാകുന്നു. ഏതെങ്കിലും കാരണവശാൽ വികാരിക്ക് അദ്ധ്യക്ഷം വഹിക്കുന്നതിന് സൗകര്യമില്ലാതെ വരുന്നതായാൽ വൈസ് പ്രസിഡണ്ടന്മാർ ഹാജരുണ്ടെങ്കിൽ അവരിൽ ഒരാളോ വികാരിയുടെ രേഖാമൂലമായ നിയോഗമനുസരിച്ച് അദ്ധ്യക്ഷം വഹിക്കാവുന്നതാകുന്നു.

16. ഇടവകയോഗത്തിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും സെക്രട്ടറിയെ ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും ഇടവകയോഗങ്ങളുടെ മിനിറ്റ്സ് സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതും ആകുന്നു. യാതൊരു കാരണവും പറയാതെ സെക്രട്ടറിയെ ഇടവകമെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി ഇടവക യോഗത്തിനു നീക്കാവുന്നതാകുന്നു. ഇടവക മെത്രാപ്പോലീത്താ ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ ഇടവക യോഗങ്ങളുടെ മിനിറ്റ്സിൽ അടയാളം വയ്പിച്ചുകൊള്ളേണ്ടതാകുന്നു.

17. കൈസ്ഥാനി, സെക്രട്ടറി, ഇടവക മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുക, ആവശ്യമുള്ള പക്ഷം ഇടവകമെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി ഇവരെ നീക്കുക, തന്നാണ്ടത്തെ ബജറ്റ് പാസ്സാക്കുക, കണക്കു പരിശോധിക്കുന്നതിനുള്ള ആളിനെയോ, ആളുകളെയോ നിശ്ചയിക്കുക, അവരുടെ റിപ്പോർട്ട് ചർച്ച ചെയ്യുക, ആണ്ടുതെരട്ട് പാസ്സാക്കുക, പള്ളിക്ക് ആവശ്യമെന്നു തോന്നുന്ന സംഗതികളെക്കുറിച്ച് ആലോചിച്ച് തീരുമാനം ചെയ്യുക എന്നിവ ഇടവക യോഗത്തിന്റെ ചുമതലയിൽപ്പെട്ട സംഗതികളാകുന്നു.

18. ഇടവകയോഗത്തിന്റെ നിശ്ചയങ്ങൾ അപ്പോഴപ്പോൾ വികാരി ഇടവക മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയോ സെക്രട്ടറി മുഖാന്തിരം അയപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാകുന്നു.

19. ഇടവകയോഗത്തിന്റെ നിശ്ചയത്തിനുമേൽ ഇടവക മെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും അപ്പീൽ ചെയ്യുന്നതോടൊപ്പം വികാരിയെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതും ആകുന്നു. ഇടവകയോഗത്തിന്റെ നിശ്ചയത്തോട് ഇടവക മെത്രാപ്പോലീത്താ യോജിക്കുന്ന പക്ഷം ഇടവക മെത്രാപ്പോലീത്താ അപ്പീൽ തള്ളി തീരുമാനം ചെയ്യേണ്ടതും യോജിക്കാത്ത പക്ഷം അപ്പീൽ കിട്ടിയശേഷം മൂന്നുമാസത്തിനകം ഇടവക മെത്രാപ്പോലീത്താ അപ്പീൽ





മെത്രാസന കൗൺസിലിൽ കൊണ്ടുവരേണ്ടതും കൗൺസിലിന്റെ ആലോചനയോടു കൂടി ഇടവക മെത്രാപ്പോലീത്താ തീരുമാനം ചെയ്യേണ്ടതും ആകുന്നു.

20. ഇടവക മെത്രാപ്പോലീത്തായ്ക്കു യുക്തമെന്നു തോന്നുന്നപക്ഷം അപ്പീൽ തീർച്ചവരെ, ഇടവകയോഗത്തിന്റെ നിശ്ചയം നടപ്പിൽ വരുത്താൻ പാടില്ലെന്നു നിരോധന കല്പന അയയ്ക്കാവുന്നതാകുന്നു. എന്നാൽ സങ്കടമുള്ള കക്ഷി അപ്പീലുണ്ടെന്ന് ഇടവകയോഗത്തിന്റെ നിശ്ചയം കഴിഞ്ഞ് അഞ്ചുദിവസത്തിനകം വികാരിയെ രേഖാമൂലം അറിയിക്കാതിരിക്കുകയോ, രണ്ടാഴ്ചയ്ക്കകം നിരോധന കല്പന വരാതിരിക്കുകയോ ചെയ്താൽ ഇടവകയോഗത്തിന്റെ നിശ്ചയം നടപ്പിൽ വരുന്നതാകുന്നു.

21. ഇടവകയോഗത്തിന്റെ തീരുമാനം ശരിയല്ലെന്നോ അധികാര സീമയെ അതിലംഘിക്കുന്നതെന്നോ ഇടവക മെത്രാപ്പോലീത്തായ്ക്കു ബോധ്യപ്പെടുന്നതായാൽ അപ്പീൽ ബോധിപ്പിച്ചിട്ടില്ലെങ്കിലും മേൽ 19-ഉം, 20-ഉം വകുപ്പുകളിൽ വിവരിച്ചിട്ടുള്ള നടപടികൾ അങ്ങനെയുള്ള തീരുമാനം സംബന്ധിച്ച് നടത്തി തീർച്ച ചെയ്യുന്നതിന് ഇടവക മെത്രാപ്പോലീത്തായ്ക്കു അധികാരമുള്ളതാകുന്നു.

22. പള്ളിവക പണത്തിൽ താഴെ 122-ാം വകുപ്പിൽ പറയുന്ന വരുമാനവീതം നീക്കിയുള്ളത് താഴെ പറയുന്ന ആവശ്യങ്ങൾക്ക് താഴെ ചേർത്തിട്ടുള്ള ക്രമപ്രകാരം ചെലവിടേണ്ടതും അതുകഴിച്ച് ബാക്കി ഉണ്ടായിരുന്നാൽ മാത്രം പള്ളിയുടെ മറ്റാവശ്യങ്ങൾക്കും സഭയുടെ ആവശ്യങ്ങൾക്കും ചെലവിടാവുന്നതുമാകുന്നു.

a) പള്ളിയിലെ കുർബ്ബാന, പെരുനാൾ, മുതലായ ശുശ്രൂഷകൾക്കുള്ള നിത്യച്ചെലവ്.

b) പള്ളിയുടെയും പള്ളിവക കെട്ടിടങ്ങളുടെയും കെട്ടിമേച്ചിൽ, അറ്റകുറ്റപ്പണികൾ മുതലായവയ്ക്കുള്ള ചെലവ്.

c) വികാരി മുതലായ പട്ടക്കാരുടെയും കപ്യാരുടെയും മറ്റും ശമ്പളച്ചെലവ്.

d) സഭാ കേന്ദ്രത്തിലേക്കും മെത്രാസന കേന്ദ്രത്തിലേക്കും ഉള്ള വരുമാനങ്ങൾ.

e) പള്ളി വകയായി നടത്തുന്ന പള്ളിക്കൂടങ്ങൾ, ധർമ്മാശുപത്രി, അനാഥശാല, സണ്ടേസ്കൂൾ, പ്രാർത്ഥനാ യോഗങ്ങൾ, സുവിശേഷവേല മുതലായവയ്ക്കുള്ള ചെലവ്.

23. പള്ളി ഇടവകയ്ക്ക് സ്ഥാവരവസ്തുക്കൾ വാങ്ങുകയോ, പള്ളി ഇടവകയിലെ സ്ഥാവരവസ്തുക്കൾ ഏതെങ്കിലും തീറുകൊടുക്കുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ ഇടവക യോഗത്തിന്റെ നിശ്ചയമനുസരിച്ചും ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ സമ്മതത്തോടു കൂടിയും വികാരിയും കൈസ്ഥാനിയും കൂടി ചെയ്യേണ്ടതാകുന്നു.

### B. ഇടവക മാനേജിംഗ് കമ്മറ്റി

24. ഓരോ ഇടവകയോഗത്തിനും ഓരോ ഇടവക മാനേജിംഗ് കമ്മറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു.

25. ഇടവക മാനേജിംഗ് കമ്മറ്റിയിലെ പട്ടക്കാർ ഒഴിച്ചുള്ളവരെ ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും അവരുടെ കാലാവധി ഒരുകൊല്ലം ആയിരിക്കേണ്ടതും ആകുന്നു. ഓരോ കമ്മറ്റിയിലും പട്ടക്കാരെ കൂടാതെ അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കണം. ഈ സംഖ്യയ്ക്കുള്ളിൽ ഓരോ കമ്മറ്റിക്കും എത്ര അംഗങ്ങൾ വേണമെന്ന് അതതു ഇടവകയോഗം തീർച്ചപ്പെടുത്തേണ്ടതാകുന്നു. ഏതെങ്കിലും ഇടവകയ്ക്ക് പതിനഞ്ചിൽ കൂടുതൽ കമ്മറ്റി അംഗങ്ങൾ ആവശ്യമെങ്കിൽ ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി കൂടുതൽ അംഗങ്ങളെ ഇടവക യോഗത്തിനു തെരഞ്ഞെടുക്കാവുന്നതാകുന്നു. മേൽ 12-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ഇടവകയെ വാർഡുകളായി തിരിച്ചിട്ടുണ്ടെങ്കിൽ വാർഡ് അടിസ്ഥാനത്തിൽ ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളെ ഇടവകയോഗത്തിനു തെരഞ്ഞെടുക്കാവുന്നതാകുന്നു. ഇടവക മാനേജിംഗ് കമ്മറ്റിയിൽ ഒഴിവു വരുന്ന പക്ഷം തൽസ്ഥാനത്തേക്ക് ശേഷം അംഗങ്ങൾക്ക് ഇടവക





യോഗാംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതാകുന്നു. ഏതെങ്കിലും ഇടവകയുടെ പ്രത്യേക പരിതസ്ഥിതിയിൽ കമ്മറ്റിയുടെ കാലാവധി നീട്ടണമെന്നു കണ്ടാൽ ഇടവകമെത്രാപ്പോലീത്തായുടെ പ്രത്യേക അനുമതിയോടുകൂടി ഇടവക യോഗത്തിന് ഇടവക മാനേജിംഗ് കമ്മറ്റിയുടെ കാലാവധി മൂന്നു കൊല്ലം വരെ നീട്ടാവുന്നതാകുന്നു.

26. വികാരി ഇടവക മാനേജിംഗ് കമ്മറ്റിയുടെ പ്രസിഡന്റും, മറ്റു പട്ടക്കാർ ഉണ്ടെങ്കിൽ അവർ വൈസ് പ്രസിഡണ്ടന്മാരും, തന്നാണ്ടു കൈസ്ഥാനിയും, സെക്രട്ടറിയും, കാലാവധി കഴിഞ്ഞു മാറിപ്പോകുന്ന മുന്നാണ്ടു കൈസ്ഥാനിയും മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളും ആയിരിക്കുന്നതാകുന്നു.

27. കൈസ്ഥാനി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന മറ്റ് അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പിനെപ്പറ്റി യോഗനടപടിയുടെ (മിനിറ്റ്സിന്റെ) പകർപ്പോടു കൂടി വികാരി ഇടവക മെത്രാപ്പോലീത്തായ്ക്കു ഒരാഴ്ചക്കകം റിപ്പോർട്ടു ചെയ്ത് രേഖാമൂലം അനുമതി വരുത്തേണ്ടതും റിപ്പോർട്ടു ചെയ്തശേഷം മൂന്നാഴ്ചക്കകം ഇടവകമെത്രാപ്പോലീത്തായുടെ കല്പന വരാത്ത പക്ഷം ഇടവക മെത്രാപ്പോലീത്താ ടി തെരഞ്ഞെടുപ്പിനെ അംഗീകരിച്ചതായി കണക്കാക്കേണ്ടതും ആകുന്നു.

28. വികാരിയോ വികാരിയുടെ നിയോഗമനുസരിച്ച് സെക്രട്ടറിയോ രേഖാമൂലം നോട്ടീസു കൊടുത്തു കമ്മറ്റിയോഗം വിളിച്ചുകൂട്ടേണ്ടതും വികാരി യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആകുന്നു. ഏതെങ്കിലും കാരണവശാൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിന് വികാരിക്ക് സൗകര്യമില്ലാതെ വന്നാൽ വൈസ് പ്രസിഡന്റന്മാർ ഉണ്ടെങ്കിൽ അവരിൽ ഒരാളോ, ഇല്ലാത്തപക്ഷം കമ്മറ്റി അംഗങ്ങളിൽ ഒരാളോ വികാരിയുടെ രേഖാമൂലമായ നിയോഗമനുസരിച്ച് ആദ്ധ്യക്ഷ്യം വഹിക്കാവുന്നതാകുന്നു.

29. വികാരിക്ക് ആവശ്യമെന്നു തോന്നുമ്പോഴോ, കൈസ്ഥാനി

ആവശ്യപ്പെടുമ്പോഴോ, മാനേജിംഗ് കമ്മറ്റിയിലെ മൂന്നിലൊരുഭാഗം അംഗങ്ങൾ ആവശ്യപ്പെടുമ്പോഴോ, ഇടവക മെത്രാപ്പോലീത്താ ആവശ്യപ്പെടുമ്പോഴോ വികാരി മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടേണ്ടതാകുന്നു. ആണ്ടിൽ 4 പ്രാവശ്യത്തിൽ കുറയാതെ മാനേജിംഗ് കമ്മറ്റി കൂടേണ്ടതാകുന്നു. ഇടവകയോഗത്തിന് ആവശ്യമെന്നു തോന്നുന്ന പക്ഷം ഇടവക മാനേജിംഗ് കമ്മറ്റിയുടെ കോറം നിശ്ചയിക്കാവുന്നതാകുന്നു.

30. ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ മാനേജിംഗ് കമ്മറ്റിയുടെയും സെക്രട്ടറിയായിരിക്കേണ്ടതാകുന്നു. മാനേജിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിറ്റ്സ് സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതും ഇടവക മെത്രാപ്പോലീത്താ ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ കമ്മറ്റി യോഗങ്ങളുടെ മിനിറ്റ്സിൽ അടയാളം വയ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

31. തന്നാണ്ടത്തെ ബജറ്റു തയ്യാറാക്കി ഇടവക യോഗത്തിൽ ഹാജരാക്കുക, ഇടവകയോഗം അധികാരപ്പെടുത്തുന്ന സംഗതികൾ നിർവ്വഹിക്കുക. ഇടവകയ്ക്ക് ആവശ്യമെന്നു തോന്നുന്ന സംഗതികളെക്കുറിച്ച് ആലോചിച്ച് ഇടവക യോഗത്തിലേക്ക് ശുപാർശ ചെയ്യുക, കൈസ്ഥാനി ഹാജരാക്കുന്ന തിരട്ടു പരിശോധിക്കുക എന്നിവ മാനേജിംഗ് കമ്മറ്റിയുടെ ചുമതലയിൽപെട്ട ജോലികൾ ആകുന്നു.

### C. കൈസ്ഥാനി

32. ഓരോ പള്ളി ഇടവകയ്ക്കും ഓരോ കൈസ്ഥാനി ഉണ്ടായിരിക്കേണ്ടതും വികാരിയോടു കൂടി കൈസ്ഥാനി പള്ളിവക സ്വത്തുക്കളുടെ കൈസ്ഥാനി ആയിരിക്കേണ്ടതും ആകുന്നു. കൈസ്ഥാനിയെ മാറ്റുമ്പോൾ കൈസ്ഥാനവും ഒഴിഞ്ഞുപോകുന്നതാകുന്നു. ഏതെങ്കിലും ഇടവകയ്ക്ക് ആവശ്യമെങ്കിൽ കൂട്ടുത്തരവാദിത്വമുള്ള രണ്ടിൽ കൂടാതെ കൈസ്ഥാനികളെ ഇടവക യോഗത്തിനു തെരഞ്ഞെടുക്കാവുന്നതാകുന്നു. പള്ളിക്കുവേണ്ടി വ്യവഹാരം നടത്തുന്നതിന് അത്മായ കൈസ്ഥാനി മാത്രം കക്ഷിചേർന്നാൽ മതിയാകുന്നതാകുന്നു. (ഒരു ഇടവ





കപ്പള്ളിക്ക് രണ്ടു കൈസ്ഥാനികൾ ഉള്ള പക്ഷം ഈ ഭരണഘടനയിൽ കൈസ്ഥാനിയെപ്പറ്റി പറയുന്നത് അവർക്കു രണ്ടു പേർക്കും ബാധകമായിരിക്കും.)

33. കൈസ്ഥാനിയെ ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും കൈസ്ഥാനിയുടെ കാലാവധി ഒരു കൊല്ലം ആയിരിക്കുന്നതും ആകുന്നു.

34. യാതൊരു കാരണവും പറയാതെ ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി കൈസ്ഥാനിയെ ഇടവകയോഗത്തിനു നീക്കാവുന്നതാകുന്നു.

35. പള്ളിവക വരവു ചെലവുകളുടെ കണക്ക് ശരിയായി എഴുതി സൂക്ഷിക്കുക, ഇടവക യോഗത്തിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും നിർദ്ദേശം അനുസരിച്ച് പള്ളിവക വരവുചെലവുകൾ കൈകാര്യം ചെയ്യുക, ആറുമാസം കൂടുമ്പോൾ അർദ്ധവാർഷിക തെരട്ടു തയ്യാറാക്കി മാനേജിംഗ് കമ്മറ്റിയിൽ ഹാജരാക്കുക, ആണ്ടിന്റെ അവസാനത്തിൽ തന്നാണ്ടത്തെ തെരട്ട് തയ്യാറാക്കി മാനേജിംഗ് കമ്മറ്റിയിൽ ഹാജരാക്കുക, അതിന്റെ ശേഷം ടി തെരട്ട് ഇടവകയോഗത്തിൽ ഹാജരാക്കുക, എന്നിവ കൈസ്ഥാനിയുടെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു. ഇടവകമെത്രാപ്പോലീത്താ ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ പള്ളിവക വരവുചെലവു കണക്കു പുസ്തകങ്ങളിൽ ഒപ്പും മുദ്രയും വയ്പിക്കേണ്ടതാകുന്നു.

36. പൊതുയോഗത്തിൽ പാസാക്കിയ തിരട്ടിന്റെ രണ്ടു പ്രതികൾ അംഗീകാരത്തിനായി ഇടവകമെത്രാപ്പോലീത്തായ്ക്കു വികാരി അയച്ചു കൊടുക്കുകയോ സെക്രട്ടറി മുഖാന്തിരം അയപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാകുന്നു.

37. ഓരോ പള്ളി ഇടവകയിലും അതതു ഇടവക പള്ളിയുടെ സ്ഥാവരജംഗമസ്വത്തുക്കളുടെ പട്ടിക വിവരിക്കുന്ന ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയതു ആണ്ടുതോറും നാളതുവരെ പൂർത്തീകരിക്കുകയും; കൈസ്ഥാനിയും, വികാരിയും ഒപ്പുവച്ച് കൈസ്ഥാനി സൂക്ഷിക്കുകയും ചെയ്യേണ്ടതും, ഇടവക സന്ദർശനാർത്ഥം ഇടവക മെത്രാപ്പോലീത്താ പള്ളിയിൽ

വരുമ്പോൾ ടി രജിസ്റ്ററിൽ ഒപ്പും മുദ്രയും വയ്പിച്ചുകൊള്ളേണ്ടതും ആകുന്നു. സെക്രട്ടറിയുടെയും കൈസ്ഥാനിയുടെയും സൂക്ഷിപ്പിലുള്ള തന്നാണ്ടു റിക്കാർഡുകളും വികാരിയുടെ കൈവശത്തിലിരിക്കേണ്ട റിക്കാർഡുകളും ഒഴിച്ചുള്ള റിക്കാർഡുകളും ഇടവകയുടെ സ്വത്തുക്കൾ സംബന്ധിച്ചുള്ള പ്രമാണങ്ങളും വികാരിയുടെയും കൈസ്ഥാനിയുടെയും കൂട്ടുത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

## D. വികാരി

38. ഓരോ ഇടവകപള്ളിക്കും ഓരോ വികാരി ഉണ്ടായിരിക്കേണ്ടതാകുന്നു. ശേഷമുള്ള പട്ടക്കാർ വികാരിയുടെ സഹായികൾ ആയിരിക്കുന്നതാകുന്നു.

39. വികാരി കൈസ്ഥാനിയോടുകൂടി പള്ളിവക സ്വത്തുക്കളുടെ കൈസ്ഥാനി ആയിരിക്കേണ്ടതാകുന്നു. പള്ളിവക പണം വികാരിയുടെയും കൈസ്ഥാനിയുടെയും പേരിലോ അവരുടെ പരസ്പര സമ്മതപ്രകാരം അവരിൽ ആരുടെയെങ്കിലും പേരിലോ നിക്ഷേപിക്കേണ്ടതും എന്നാൽ ഇടവക മാനേജിംഗ് കമ്മറ്റി നിശ്ചയിക്കുന്ന ഒരു തുക കൈസ്ഥാനിയുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതുമാകുന്നു.

40. വികാരിയെയും മറ്റു പട്ടക്കാരെയും നിയമിക്കുന്നതിനും നീക്കുന്നതിനും സ്ഥലം മാറ്റുന്നതിനുമുള്ള അധികാരം ഇടവകമെത്രാപ്പോലീത്തായ്ക്കുള്ളതാകുന്നു. വികാരിയെ മാറ്റുമ്പോൾ വികാരിയുടെ കൈസ്ഥാനം ഒഴിഞ്ഞുപോകുന്നതാകുന്നു.

41. ഒരു മെത്രാസന ഇടവകയിൽപ്പെട്ട ഒരു പട്ടക്കാരനെ വേറൊരു മെത്രാസന ഇടവകയിലേക്ക് മാറ്റണമെന്നിരുന്നാൽ ആ സംഗതി രണ്ടു മെത്രാസന ഇടവകകളുടെയും മെത്രാപ്പൊലീത്തന്മാർ ആലോചിച്ച് തീരുമാനിക്കേണ്ടതാകുന്നു.

42. (നീക്കം ചെയ്തു)

43. മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ,





ഇടവകയോഗ രജിസ്റ്റർ, കുമ്പസാര രജിസ്റ്റർ, എന്നിതുകളും ഇവയ്ക്കു പുറമെ ഇടവകയിലുള്ള എല്ലാ സ്ത്രീ പുരുഷന്മാരുടെയും പേരു വിവരം അടങ്ങിയ ഇടവക രജിസ്റ്ററും വികാരിയുടെ ചുമതലയിൽ അപ്പോഴപ്പോൾ എഴുതി സൂക്ഷിക്കേണ്ടതും ഇടവകമെത്രാപ്പോലീത്താ ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുന്ന അവസരങ്ങളിൽ ഇവ അദ്ദേഹത്തെ കാണിച്ച് അടയാളം വയ്പിക്കേണ്ടതുമാകുന്നു. കൂടാതെ മേലധികാരികളിൽ നിന്നു വരുന്ന കല്പനകൾ മുതലായവയുടെ ഫയലുകളും വികാരിയുടെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാകുന്നു.

44. പള്ളിയിൽ കർമ്മത്തിനു നിത്യം ഉപയോഗമുള്ള ജംഗമങ്ങൾ വികാരിയുടെ സൂക്ഷിപ്പിലും അല്ലാത്തവ വികാരിയുടെയും കൈസ്ഥാനിയുടെയും സൂക്ഷിപ്പിലും ഇരിക്കേണ്ടതാകുന്നു.

# 3. മെത്രാസന ഇടവക

## A. മെത്രാസന ഇടവകയോഗം

45. ഓരോ മെത്രാസന ഇടവകയ്ക്കും ഓരോ മെത്രാസന ഇടവകയോഗം ഉണ്ടായിരിക്കേണ്ടതാകുന്നു.

46. താഴെപറയുന്നവർ മെത്രാസന ഇടവക യോഗത്തിലെ അംഗങ്ങളായിരിക്കുന്നതാണ്. ഇവരുടെ കാലാവധി അഞ്ചു വർഷം ആയിരിക്കുന്നതാകുന്നു.

a) മെത്രാസന ഇടവകയിൽപ്പെട്ട ഓരോ പള്ളി ഇടവകയിൽനിന്നും ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികൻ.

എന്നാൽ ഏതെങ്കിലും പള്ളി ഇടവകയിൽ ഒരു വൈദികൻ മാത്രമെ ഉള്ളു എങ്കിൽ അദ്ദേഹം തെരഞ്ഞെടുപ്പു കൂടാതെ തന്നെ മെത്രാസന ഇടവക യോഗത്തിലെ വൈദിക പ്രതിനിധിയായിരിക്കുന്നതാകുന്നു.

b) കൂടാതെ താഴെ പറയുംവിധം ഇടവക യോഗത്തിലെ അംഗങ്ങളുടെ സംഖ്യ അനുസരിച്ച് ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന പുരുഷന്മാർ മെത്രാസന ഇടവകയോഗ

ത്തിലെ അംഗങ്ങളായിരിക്കുന്നതാണ്.

| | |
|---|---|
| 1) 200 അംഗങ്ങൾ വരെ | 1 പ്രതിനിധി |
| 2) 201 മുതൽ 500 വരെ അംഗങ്ങൾ | 2 പ്രതിനിധികൾ |
| 3) 501 മുതൽ 1000 വരെ അംഗങ്ങൾ | 3 പ്രതിനിധികൾ |
| 4) 1001 മുതൽ 1500 വരെ അംഗങ്ങൾ | 4 പ്രതിനിധികൾ |
| 5) 1501 മുതൽ 2000 വരെ അംഗങ്ങൾ | 5 പ്രതിനിധികൾ |
| 6) 2001 മുതൽ 2500 വരെ അംഗങ്ങൾ | 6 പ്രതിനിധികൾ |
| 7) 2501 മുതൽ 3000 വരെ അംഗങ്ങൾ | 7 പ്രതിനിധികൾ |
| 8) 3001 മുതൽ 3500 വരെ അംഗങ്ങൾ | 8 പ്രതിനിധികൾ |
| 9) 3501 മുതൽ 4000 വരെ അംഗങ്ങൾ | 9 പ്രതിനിധികൾ |
| 10) 4000 ന് മുകളിൽ | 10 പ്രതിനിധികൾ |

ഈ വകുപ്പിൽ അംഗങ്ങൾ എന്നുള്ളത് 1934-ലെ ഭരണഘടനയുടെ (ഭേദഗതി ചെയ്ത പ്രകാരം) 7-ാം വകുപ്പിൻ പ്രകാരമുള്ള അംഗങ്ങളായിരിക്കുന്നതാകുന്നു.

c) ഏതെങ്കിലും കാരണത്താൽ ഒരു ഇടവകയിൽനിന്നുള്ള മെത്രാസന ഇടവകയോഗാംഗത്തിന്റെ ഒഴിവുവന്നാൽ പ്രസ്തുത സ്ഥാനത്തേക്ക് ആ ഇടവകയോഗം മറ്റൊരാളെ തെരഞ്ഞെടുക്കേണ്ടതും, തിരഞ്ഞെടുപ്പ് വിവരം ഇടവകമെത്രാപ്പോലീത്തയെ രേഖാമൂലം അറിയിക്കേണ്ടതുമാകുന്നു.

47. മെത്രാസന സെക്രട്ടറി, മെത്രാസന കൗൺസിലിലെ അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുക, മെത്രാസന വരവുചെലവു കണക്കുകൾ നോക്കുന്നതിനു പരിശോധകനെ നിയമിക്കുക, പരിശോധകന്റെ റിപ്പോർട്ട് വിമർശനം ചെയ്യുക, ആണ്ടുതെരട്ട് പാസാക്കുക, മെത്രാസനത്തിന് ആവശ്യമെന്നു തോന്നുന്ന സംഗതികളെക്കുറിച്ച് ആലോചിച്ച് തീരുമാനം ചെയ്യുക എന്നിതുകൾ മെത്രാസന ഇടവകയോഗത്തിന്റെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

48. ഇടവക മെത്രാപ്പോലീത്താ മെത്രാസന ഇടവകയോഗം വിളിച്ചു കൂട്ടേണ്ടതാകുന്നു.

49. ഇടവക മെത്രാപ്പോലീത്താ മെത്രാസന ഇടവകയോഗത്തിന്റെ





പ്രസിഡണ്ട് ആയിരിക്കുന്നതും മെത്രാസന ഇടവകയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.

50. മെത്രാസന ഇടവകയോഗത്തിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും ടി സെക്രട്ടറിയെ മെത്രാസന ഇടവകയോഗം തെരഞ്ഞെടുക്കേണ്ടതും ടി തെരഞ്ഞെടുപ്പിനെ ഇടവക മെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുന്ന പക്ഷം ആയതു സാധുവായിരിക്കുന്നതും ആകുന്നു. യാതൊരു കാരണവും പറയാതെ ഇടവക മെത്രാപ്പൊലീത്തായുടെ സമ്മതത്തോടുകൂടി സെക്രട്ടറിയെ നീക്കം ചെയ്യുന്നതിന് മെത്രാസന ഇടവകയോഗത്തിന് അവകാശമുള്ളതാകുന്നു.

51. മെത്രാസന ഇടവകയുടെ വരവു ചെലവു കണക്കു ശരിയായി എഴുതി സൂക്ഷിക്കുക, ആണ്ടിൽ കുറഞ്ഞപക്ഷം രണ്ട് പ്രാവശ്യമെങ്കിലും വരവു ചെലവിന്റെ തെരട്ട് തയ്യാറാക്കി മെത്രാസന കൗൺസിലിൽ ഹാജരാക്കുക, അതിന്റെ ശേഷം ടി തെരട്ട് മെത്രാസന ഇടവകയോഗത്തിൽ ഹാജരാക്കുക, മെത്രാസന ഇടവകയോഗത്തിന്റെയും മെത്രാസന കൗൺസിലിന്റെയും മിനിറ്റ്സ് എഴുതി സൂക്ഷിക്കുക എന്നിതുകൾ സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

52. മെത്രാസന ഇടവകയോഗം പാസാക്കിയ തെരട്ട് അച്ചടിപ്പിച്ച് ഒരു പ്രതി മെത്രാസന ഇടവകയിൽപ്പെട്ട ഓരോ പള്ളിക്കും, ഒരു പ്രതി മലങ്കര മെത്രാപ്പോലീത്തായ്ക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു.

53. മെത്രാസന ഇടവകപ്പണം ഇടവകമെത്രാപ്പോലീത്തായുടെ പേരിൽ നിക്ഷേപിക്കേണ്ടതാകുന്നു.

54. മെത്രാസന ഇടവകയ്ക്ക് ഏതെങ്കിലും സ്ഥാവര വസ്തുക്കൾ വാങ്ങുകയോ, മെത്രാസന ഇടവകയിലുള്ള ഏതെങ്കിലും സ്ഥാവര വസ്തുക്കൾ അന്യാധീനം ചെയ്യുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ ആയത് മെത്രാസന ഇടവകയോഗത്തിന്റെ നിശ്ചയമനുസരിച്ചും മലങ്കര മെത്രാപ്പോലീത്തായുടെ രേഖാമൂലമായ സമ്മത

ത്തോടുകൂടിയും ഇടവക മെത്രാപ്പോലീത്തായും സെക്രട്ടറിയും കൂടി ചെയ്യേണ്ടതാകുന്നു.

55. മെത്രാസന ഇടവകയോഗം ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും കൂടേണ്ടതാകുന്നു.

### B. മെത്രാസന കൗൺസിൽ

56. ഓരോ ഇടവകയിലും ഓരോ മെത്രാസനകൗൺസിൽ ഉണ്ടായിരിക്കേണ്ടതാകുന്നു.

57. മെത്രാസന ഇടവകയോഗത്തിന്റെ സെക്രട്ടറിയും മെത്രാസന ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട രണ്ട് പട്ടക്കാരും നാല് അയ്മേനികളും കൗൺസിലിലെ അംഗങ്ങൾ ആയിരിക്കേണ്ടതാകുന്നു. ഇവരുടെ കാലാവധി അഞ്ചു വർഷമായിരിക്കും. കാലാവധിക്കുള്ളിൽ കൗൺസിലിൽ ഏതെങ്കിലും ഒഴിവു വന്നാൽ പകരം ആളെ നിയമിക്കുന്നതിന് ശേഷമുള്ള അംഗങ്ങൾക്ക് അധികാരമുള്ളതാകുന്നു.

58. മെത്രാസന ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ കൗൺസിലിന്റെ സെക്രട്ടറിയും ആയിരിക്കേണ്ടതാകുന്നു.

59. ഇടവക മെത്രാപ്പോലീത്താ കൗൺസിൽ വിളിച്ചു കൂട്ടേണ്ടതും, കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആകുന്നു. മെത്രാപ്പോലീത്തായെ കൂടാതെ മൂന്ന് അംഗങ്ങൾ ഉണ്ടായിരുന്നാൽ കോറം തികയുന്നതാണ്. കുറഞ്ഞ പക്ഷം ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും മെത്രാസന കൗൺസിൽ കൂടേണ്ടതാകുന്നു.

60. ഏതെങ്കിലും സംഗതിക്ക് മെത്രാസന ഇടവകപ്പണം ചെലവിടണമെന്നിരുന്നാൽ, ഇടവക മെത്രാപ്പോലീത്തായും മെത്രാസന കൗൺസിലിലെ ശേഷം അംഗങ്ങളുടെ ഭൂരിപക്ഷവും യോജിക്കേണ്ടതാകുന്നു.

61. മെത്രാസന ഇടവകയിലെ വരവിനും ചെലവിനും ഒരു ബജറ്റ് മെത്രാസന കൗൺസിൽ തയ്യാറാക്കേണ്ടതും ആ ബജറ്റിൻ പ്രകാരമുള്ള ചെലവുകൾ മാത്രം സെക്രട്ടറി ചെയ്യേണ്ടതും അതിൽ കൂടുതലായി എന്തെങ്കിലും ചെലവു





ചെയ്യണമെന്നിരുന്നാൽ ആയത് കൗൺസിലിന്റെ അനുമതിയോടുകൂടി ചെയ്യേണ്ടതും, അത്യാവശ്യം നേരിട്ടാൽ കൗൺസിലിന്റെ അനുമതികൂടാതെ 10,000 രൂപയിൽ കവിയാതെ ഒരു സംഖ്യ ഇടവക മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം സെക്രട്ടറിക്ക് ചെലവിടാവുന്നതും ആകുന്നു. ഇപ്രകാരം അനുമതിയില്ലാതെ ചെയ്യുന്ന ചെലവിനെ സംബന്ധിച്ച് അടുത്ത കൗൺസിലിൽ പ്രസ്താവിക്കേണ്ടതുമാണ്.

62. ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും അദ്ദേഹം അദ്ദേഹത്തിന്റെ ആലോചനാ സമിതിയിൽ അപ്പീൽ കാര്യത്തെപ്പറ്റി കേട്ട് സമിതിയുടെ ആലോചനയോടുകൂടി തീരുമാനം ചെയ്യേണ്ടതും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായ്ക്കു യുക്തമെന്നു തോന്നുന്ന പക്ഷം ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനം അപ്പീൽ തീർച്ചവരെ നടപ്പിൽ വരുത്താൻ പാടില്ലെന്ന് നിരോധന കല്പന അയയ്ക്കാവുന്നതും ടി കല്പനയനുസരിച്ച് ഇടവക മെത്രാപ്പോലീത്താ പ്രവർത്തിക്കേണ്ടതും ആകുന്നു.

### C. ഇടവക മെത്രാപ്പോലീത്താ

63. ഓരോ മെത്രാസന ഇടവകയ്ക്കും ഓരോ മെത്രാപ്പോലീത്താ ഉണ്ടായിരിക്കേണ്ടതാകുന്നു.

64. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടും മലങ്കര എപ്പിസ്ക്കോപ്പൽ സിനഡിന്റെ ശുപാർശ അനുസരിച്ചും കാതോലിക്കാ മെത്രാപ്പോലീത്തന്മാർക്കു ഇടവക തിരിക്കേണ്ടതാകുന്നു.

65. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ ഇതു സംബന്ധിച്ച സംഗതികൾ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയങ്ങൾക്ക് അനുസരണമായി ഇടവക മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിൽ ഇരിക്കുന്നതാകുന്നു.

66. ഇടവക മെത്രാപ്പോലീത്തന്മാർ അവരവരുടെ കീഴിലുള്ള ഇടവകകളെ സംബന്ധിച്ചിടത്തോളം മലങ്കര മെത്രാ

പ്പോലീത്തായുടെ മേൽനോട്ടത്തിൽ ഭരണം നടത്തുന്നതാകുന്നു.

67. ഇടവക മെത്രാപ്പോലീത്താ തന്റെ ഇടവകയിലുള്ള പള്ളികൾ സന്ദർശിക്കുമ്പോൾ ചെലവ് അതതു പള്ളിയിൽ നിന്നു വഹിക്കേണ്ടതാകുന്നു.

68. ഒരു ഇടവക മെത്രാപ്പോലീത്തായ്ക്കു അന്യ ഇടവകയിലെ ഒരാൾക്ക് ആ ഇടവകയിലെ മെത്രാപ്പോലീത്തായുടെ അപേക്ഷയോ സമ്മതമോ കൂടാതെ പട്ടം കൊടുക്കുവാനോ ഭരണസംബന്ധമായി അന്യ ഇടവകയിൽ പ്രവേശിച്ച് എന്തെങ്കിലും പ്രവർത്തിക്കുവാനോ അവകാശമില്ലാത്തതാകുന്നു.

69. ഒരു ഇടവക മെത്രാപ്പോലീത്തായ്ക്കു മരണ സമയം മരണശാസനത്തിൽ ഉൾപ്പെടാതെ ഏതെങ്കിലും സ്വയാർജ്ജിതമുണ്ടെങ്കിൽ ആയത് കാതോലിക്കായുടെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതാകുന്നു.

## 4. മലങ്കര മഹാ ഇടവക

### A. അസോസിയേഷൻ

70. മലങ്കര ഇടവകയ്ക്ക് 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' എന്ന പേരിൽ ഒരു അസോസിയേഷൻ ഉണ്ടായിരിക്കുന്നതാണ്.

71. താഴെ പറയുന്നവർ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ (മലങ്കര അസോസിയേഷൻ) അംഗങ്ങളായിരിക്കുന്നതാണ്. ഇവരുടെ കാലാവധി അഞ്ചു വർഷം ആയിരിക്കുന്നതാണ്.

a) നിലവിലുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങൾ

എന്നാൽ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ ഉണ്ടെങ്കിൽ അവർക്ക് മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട കാതോലിക്കോസിന്റെയോ, മലങ്കര മെത്രാപ്പോലീത്തായുടെയോ മറ്റേതെങ്കിലും സ്ഥാനികളുടെയോ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.





b) ഓരോ പള്ളി ഇടവകയിൽ നിന്നും ഇടവക യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികൻ.

എന്നാൽ ഏതെങ്കിലും പള്ളി ഇടവകയിൽ ഒരു വൈദികൻ മാത്രമെ ഉള്ളുവെങ്കിൽ അദ്ദേഹം തെരഞ്ഞെടുപ്പു കൂടാതെതന്നെ അസോസിയേഷനിൽ വൈദിക പ്രതിനിധിയായിരിക്കുന്നതാകുന്നു.

c) കൂടാതെ താഴെ പറയുംവിധം ഇടവക യോഗത്തിലെ അംഗസംഖ്യ അനുസരിച്ച് ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന പുരുഷന്മാർ അസോസിയേഷനിലെ അംഗങ്ങളായിരിക്കുന്നതാണ്.

| | |
|---|---|
| 1) 200 അംഗങ്ങൾ വരെ | 1 പ്രതിനിധി |
| 2) 201 മുതൽ 500 വരെ അംഗങ്ങൾ | 2 പ്രതിനിധികൾ |
| 3) 501 മുതൽ 1000 വരെ അംഗങ്ങൾ | 3 പ്രതിനിധികൾ |
| 4) 1001 മുതൽ 1500 വരെ അംഗങ്ങൾ | 4 പ്രതിനിധികൾ |
| 5) 1501 മുതൽ 2000 വരെ അംഗങ്ങൾ | 5 പ്രതിനിധികൾ |
| 6) 2001 മുതൽ 2500 വരെ അംഗങ്ങൾ | 6 പ്രതിനിധികൾ |
| 7) 2501 മുതൽ 3000 വരെ അംഗങ്ങൾ | 7 പ്രതിനിധികൾ |
| 8) 3001 മുതൽ 3500 വരെ അംഗങ്ങൾ | 8 പ്രതിനിധികൾ |
| 9) 3501 മുതൽ 4000 വരെ അംഗങ്ങൾ | 9 പ്രതിനിധികൾ |
| 10) 4000 ന് മുകളിൽ | 10 പ്രതിനിധികൾ |

ഈ വകുപ്പിൽ അംഗങ്ങൾ എന്നുള്ളത് 1934-ലെ ഭരണഘടനയുടെ (ഭേദഗതി ചെയ്ത പ്രകാരം) 7-ാം വകുപ്പിൻ പ്രകാരമുള്ള അംഗങ്ങളായിരിക്കുന്നതാകുന്നു.

d) ഏതെങ്കിലും കാരണത്താൽ ഒരു ഇടവകയിൽനിന്നുള്ള അസ്സോസിയേഷൻ അംഗത്തിന്റെ ഒഴിവുവന്നാൽ പ്രസ്തുത സ്ഥാനത്തേക്ക് ആ ഇടവകയോഗം മറ്റൊരാളെ തിരഞ്ഞെടുക്കേണ്ടതും, തിരഞ്ഞെടുപ്പ് വിവരം ഇടവക മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കേണ്ടതും, ഇടവക മെത്രാപ്പോലീത്താ പ്രസ്തുത വിവരം മലങ്കര മെത്രാപ്പോലീത്തായെ

രേഖാമൂലം അറിയിക്കേണ്ടതുമാകുന്നു.

72. മലങ്കര മെത്രാപ്പോലീത്താ അസോസിയേഷൻ പ്രസിഡണ്ടും, ഭരണമുള്ള ശേഷം മേല്പട്ടക്കാർ വൈസ് പ്രസിഡണ്ടന്മാരും ആയിരിക്കുന്നതാകുന്നു.

73. അസോസിയേഷൻ യോഗത്തിൽ മലങ്കര മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിക്കുന്നതും, അദ്ദേഹത്തിന് സൗകര്യമില്ലാതെ വരുമ്പോൾ അദ്ദേഹത്തിന്റെ നിയോഗമനുസരിച്ച് വൈസ് പ്രസിഡണ്ടന്മാരിൽ ഒരാളും, അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ് പ്രസിഡണ്ടന്മാരിൽ സീനിയർ മെത്രാപ്പോലീത്തായും അദ്ധ്യക്ഷം വഹിക്കുന്നതാകുന്നു. ഈ ഘടനയിൽ സീനിയർ മെത്രാപ്പോലീത്താ എന്ന പദത്തിന് വൈസ് പ്രസിഡണ്ടന്മാരിൽ ഏറ്റവും പ്രായം കൂടിയ മെത്രാപ്പോലീത്താ എന്ന അർത്ഥമുള്ളതാകുന്നു.

74. പ്രസിഡണ്ടു മെത്രാപ്പോലീത്താ അസോസിയേഷൻ വിളിച്ചു കൂട്ടുന്നതും അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ് പ്രസിഡണ്ടന്മാരിൽ രണ്ടു പേർക്കോ, അവർ വിളിച്ചുകൂട്ടാത്തപക്ഷം മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ പകുതി അംഗങ്ങൾക്കോ അസോസിയേഷൻ വിളിച്ചു കൂട്ടാവുന്നതും ആകുന്നു.

75. അസോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും, ആ സെക്രട്ടറിയെ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുക്കേണ്ടതും, ടി തെരഞ്ഞെടുപ്പിനെ മലങ്കര മെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുന്ന പക്ഷം ആയത് സാധുവായിരിക്കുന്നതും ആകുന്നു. യാതൊരു കാരണവും പറയാതെ സെക്രട്ടറിയെ നീക്കം ചെയ്യുന്നതിന് അസോസിയേഷൻ മാനേജിംഗ് കമ്മറ്റിക്ക് അവകാശമുള്ളതാകുന്നു.

76. സമുദായം വക സ്ഥാവര ജംഗമങ്ങളുടെ ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയത് ആണ്ടുതോറും നാളതുവരെ മലങ്കര മെത്രാപ്പോലിത്തായെ കൊണ്ടും കമ്മറ്റി അംഗങ്ങളിൽ രണ്ടു പേരെക്കൊണ്ടും ഒപ്പിടുവിച്ച് സെക്രട്ടറി





സൂക്ഷിക്കേണ്ടതും ആകുന്നു.

77. സമുദായ സ്വത്തുക്കളുടെ ആദായത്തിന്റെയും മലങ്കര ഇടവക വരുമാനത്തിന്റെയും വരവു ചെലവു കണക്കെഴുതി സൂക്ഷിക്കുക, മാനേജിംഗ് കമ്മറ്റി കൂടുന്ന അവസരത്തിൽ അതുവരെയുള്ള കണക്കിന്റെ തെരട്ട് തയ്യാറാക്കി കമ്മറ്റിയിൽ ഹാജരാക്കുക, അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും മിനിറ്റ്സ് എഴുതി സൂക്ഷിക്കുക എന്നിവ സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട ജോലികൾ ആകുന്നു.

### B. അസോസിയേഷൻ മാനേജിംഗ് കമ്മറ്റി

78. അസോസിയേഷന് ഒരു മാനേജിംഗ് കമ്മറ്റി ഉണ്ടായിരിക്കുന്നതാകുന്നു.

79. അസോസിയേഷൻ സെക്രട്ടറിയെയും സമുദായ ട്രസ്റ്റികളെയും കൂടാതെ അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെടുന്ന 43 പട്ടക്കാരും 86 അയ്മേനികളും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ആയിരിക്കുന്നതാകുന്നു. മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ കാലാവധി 5 കൊല്ലം ആയിരിക്കുന്നതാകുന്നു. മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളുടെ എണ്ണം യുക്തംപോലെ അസോസിയേഷന് അധികപ്പെടുത്താവുന്നതാകുന്നു. കാലാവധിക്കുള്ളിൽ മാനേജിംഗ് കമ്മറ്റിയിൽ ഏതെങ്കിലും ഒഴിവുണ്ടാകുന്നതായാൽ പകരം ആളിനെ നിയമിക്കുന്നതിന് ശേഷം അംഗങ്ങൾക്ക് അവകാശമുള്ളതാകുന്നു. ആവശ്യമെന്നു തോന്നുന്ന പക്ഷം മലങ്കര മെത്രാപ്പോലീത്തായ്ക്ക് 30 പേരിൽ അധികപ്പെടാതെ ആളുകളെ (10 പട്ടക്കാരും 20 അയ്മേനികളും) അംഗങ്ങളായി നിയമിക്കാവുന്നതാകുന്നു. മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളുടെ എണ്ണം അസോസിയേഷൻ അധികപ്പെടുത്തുമ്പോൾ മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്ന അംഗങ്ങളുടെ എണ്ണവും അധികപ്പെടുത്തേണ്ടതാകുന്നു.

80. മലങ്കര മെത്രാപ്പോലീത്താ മാനേജിംഗ് കമ്മറ്റിയുടെ പ്രസിഡണ്ടും ഭരണമുള്ള ശേഷം മെത്രാന്മാർ വൈസ് പ്രസിഡണ്ടന്മാരും ആയിരിക്കുന്നതാകുന്നു.

81. മലങ്കര മെത്രാപ്പോലീത്താ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി വിളിച്ചുകൂട്ടുന്നതും യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതും ആകുന്നു. മലങ്കര മെത്രാപ്പോലീത്താ ഇല്ലാതെ വരുന്ന അവസരങ്ങളിൽ വൈസ് പ്രസിഡണ്ടന്മാരിൽ രണ്ടുപേർക്കോ, അവർ വിളിച്ചു കൂട്ടാത്ത പക്ഷം കമ്മറ്റി അംഗങ്ങളിൽ പകുതി അംഗങ്ങൾക്കോ കമ്മറ്റി വിളിച്ചു കൂട്ടാവുന്നതും അങ്ങനെ വിളിച്ചു കൂട്ടുന്ന അവസരത്തിൽ വൈസ് പ്രസിഡണ്ടന്മാരിൽ സീനിയർ മെത്രാപ്പോലീത്താ ആദ്ധ്യക്ഷ്യം വഹിക്കുന്നതും ആകുന്നു. കുറഞ്ഞ പക്ഷം ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും അസോസിയേഷൻ മാനേജിംഗ് കമ്മറ്റി കൂടേണ്ടതാകുന്നു.

82. അസോസിയേഷൻ സെക്രട്ടറി കമ്മറ്റി സെക്രട്ടറിയും ആയിരിക്കുന്നതാകുന്നു.

83. ഏതെങ്കിലും സംഗതിക്ക് മലങ്കര ഇടവകയുടെ പണം ചെലവാക്കേണ്ടിയിരുന്നാൽ മലങ്കര എപ്പിസ്ക്കോപ്പൽ സിനഡിന്റെ ഭൂരിപക്ഷവും മാനേജിംഗ് കമ്മറ്റിയിലെ മേല്പട്ടക്കാർ ഒഴിച്ചുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും യോജിക്കേണ്ടതാകുന്നു.

84. സമുദായം വക വരവിനും ചെലവിനും ആണ്ടിന്റെ ആരംഭത്തിൽ ഒരു ബജറ്റ് കമ്മറ്റിക്കാർ തയ്യാറാക്കേണ്ടതും അതിൽ കൂടുതൽ ഏതെങ്കിലും ചെലവു ചെയ്യേണ്ടി വന്നാൽ ആയതു കമ്മറ്റിയുടെ അനുമതിയോടുകൂടി ആയിരിക്കേണ്ടതും അത്യാവശ്യം നേരിട്ടാൽ ആണ്ടിൽ ഒരു ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു സംഖ്യ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ചെലവു ചെയ്യാവുന്നതും ഇങ്ങനെയുണ്ടാകുന്ന ചെലവിനെ സംബന്ധിച്ച് അടുത്ത കമ്മറ്റിയിൽ പ്രസ്താവിക്കേണ്ടതും ആകുന്നു.

85. സമുദായത്തിലേക്ക് ഏതെങ്കിലും വസ്തു വാങ്ങുകയോ, സമുദായം വക ഏതെങ്കിലും വസ്തു അന്യാധീനപ്പെടുത്തുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ മാനേജിംഗ് കമ്മറ്റിയുടെയും, മലങ്കര എപ്പിസ്കോപ്പൽ





സിനഡിന്റെയും ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനം ചെയ്യാവുന്നതും കൂട്ടു ട്രസ്റ്റിൽ ഉൾപ്പെട്ട വസ്തുവാണെങ്കിൽ മലങ്കര മെത്രാപ്പോലീത്തായും കൂട്ടു ട്രസ്റ്റികളും, മലങ്കര മെത്രാപ്പോലീത്തായുടെ ട്രസ്റ്റിൽ ഉൾപ്പെട്ടതാണെങ്കിൽ മെത്രാപ്പോലീത്താ തനിച്ചും പ്രമാണമെഴുതേണ്ടതും ആകുന്നു.

86. വിദ്യാഭ്യാസം, ഫൈനാൻസ്, മുതലായി സഭയ്ക്ക് ആവശ്യമുള്ള സംഗതികൾക്ക് മലങ്കര എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി മാനേജിംഗ് കമ്മറ്റിക്ക് സബ് കമ്മറ്റികളെ നിയമിക്കാവുന്നതാകുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്ന ഓരോ സബ്കമ്മറ്റിയുടെയും പ്രസിഡണ്ട് ഒരു മേല്പട്ടക്കാരൻ ആയിരിക്കേണ്ടതാകുന്നു.

87. അസോസിയേഷൻ മാനേജിംഗ് കമ്മറ്റിക്ക് പത്തിൽ കൂടാതെ അംഗങ്ങളുള്ള ഒരു പ്രവർത്തകസമിതി (Working Committee) ഉണ്ടായിരിക്കേണ്ടതും ആ സമിതി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ നിശ്ചയങ്ങൾ അനുസരിച്ചു സംഗതികൾ നടത്തുന്നതുമാകുന്നു. അത്യാവശ്യഘട്ടത്തിൽ മാനേജിംഗ് കമ്മറ്റിയുടെ അനുമതി പ്രതീക്ഷിച്ച് മാനേജിംഗ് കമ്മറ്റിക്കുവേണ്ടി ആവശ്യമായ സംഗതികൾ പ്രവർത്തക സമിതിക്ക് ചെയ്യാവുന്നതും അങ്ങനെ ചെയ്യുന്ന കാര്യങ്ങൾ മാനേജിംഗ് കമ്മറ്റിയെ അറിയിച്ച് അനുമതി വാങ്ങേണ്ടതും ആകുന്നു. ഈ സമിതിയുടെ പ്രസിഡണ്ട് മലങ്കര മെത്രാപ്പോലീത്താ ആയിരിക്കുന്നതും ആകുന്നു. മലങ്കര എപ്പിസ്കോപ്പൽ സിനഡിനാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു മേല്പട്ടക്കാരനും സമുദായ ട്രസ്റ്റികളും അസോസിയേഷൻ സെക്രട്ടറിയും ഈ സമിതിയിലെ അംഗങ്ങളായിരിക്കുന്നതും ശേഷമുള്ള അംഗങ്ങളെ ഇവരുടെ ആലോചനയോടുകൂടി മലങ്കര മെത്രാപ്പോലീത്താ നിയമിക്കുന്നതും ആകുന്നു. ഇങ്ങനെയുള്ള പ്രവർത്തകസമിതി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാനേജിംഗ് കമ്മറ്റി അംഗങ്ങളല്ലാതെ വന്നാൽ അവർ സമിതിയിലെ അംഗങ്ങളായിരിക്കുന്നിടത്തോളം കാലം മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരിക്കുന്നതാകുന്നു.

88. മേൽ 87-ാം വകുപ്പിൽ പറയുന്ന പ്രവർത്തകസമിതി മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാ സമിതികൂടി ആയിരിക്കുന്നതാകുന്നു.

89. അസോസിയേഷൻ സെക്രട്ടറി മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാസമിതിയുടെയും സെക്രട്ടറി ആയിരിക്കുന്നതാകുന്നു.

90. മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു അസിസ്റ്റന്റ് ഉണ്ടായിരിക്കാവുന്നതും ആ അസിസ്റ്റന്റിനെ അസോസിയേഷൻ തെരഞ്ഞെടുത്തിട്ടില്ലാത്ത പക്ഷം മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്നതും ആകുന്നു. ടി അസിസ്റ്റന്റ്, മാനേജിംഗ് കമ്മറ്റിയിലും പ്രവർത്തക സമിതിയിലും എക്സ് ഒഫിഷ്യോ മെമ്പർ ആയിരിക്കുന്നതും ആകുന്നു.

### C. സമുദായ ട്രസ്റ്റികൾ

91. മലങ്കര മെത്രാപ്പൊലീത്തായോടുകൂടി വട്ടിപ്പണം, കോട്ടയം സുറിയാനി സെമിനാരി എന്നിതുകളുടെയും ഇതുകളിൽ നിന്നുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ ആദായത്തിന്റെയും ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കുന്നതും, അതിൽ ഒരാൾ പട്ടക്കാരനും മറ്റേ ആൾ അയ്മേനിയും ആയിരിക്കേണ്ടതും ആകുന്നു.

92. മേൽപറഞ്ഞവ ഒഴിച്ചുള്ള സമുദായ സ്വത്തുക്കളെ സംബന്ധിച്ചു പ്രത്യേക വ്യവസ്ഥകൾ ഇല്ലാത്തപക്ഷം അവയുടെ ട്രസ്റ്റി മലങ്കരമെത്രാപ്പോലീത്താ ആയിരിക്കുന്നതാകുന്നു.

93. കൂട്ടു ട്രസ്റ്റികളെ അസോസിയേഷൻ തെരഞ്ഞെടുക്കുന്നതാകുന്നു. കൂട്ടു ട്രസ്റ്റികളുടെ കാലാവധി കൂട്ടു ട്രസ്റ്റികളെ തെരഞ്ഞെടുക്കുന്ന അസോസിയേഷന്റെ കാലാവധിവരെ മാത്രമായിരിക്കുന്നതാകുന്നു. എന്നാൽ ഒരു ട്രസ്റ്റിയുടെ ഓഫീസ് അടുത്ത ട്രസ്റ്റിയെ നിയമാനുസൃതം തെരഞ്ഞെടുത്ത് ചാർജ്ജെടുക്കുന്നതുവരെ തുടരുന്നതാണ്.





യാതൊരു കാരണവും പറയാതെ കൂട്ടു ട്രസ്റ്റികളെ മാറ്റി വേറെ ട്രസ്റ്റികളെ ആക്കുന്നതിന് അസോസിയേഷന് അധികാരമുള്ളതാകുന്നു.

### D. മലങ്കര മെത്രാപ്പോലീത്താ

94. മലങ്കരയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്കു വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

95. ഏതെങ്കിലും ഇടവകയ്ക്ക് ഇടവകമെത്രാപ്പോലീത്താ ഇല്ലാതിരുന്നാൽ ആ ഇടവക മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുന്നതാകുന്നു.

96. മലങ്കര സഭയിലെ മെത്രാസന ഇടവകകളുടെ പ്രത്യേക വകയല്ലാത്ത പൊതു സ്ഥാപനങ്ങൾ മുതലായവ മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇരിക്കുന്നതുമാകുന്നു.

97. മലങ്കര മെത്രാപ്പോലീത്തായെ ആ സ്ഥാനത്തേക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതാകുന്നു.

98. കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിക്കുന്നതാകുന്നു. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹം അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും പ്രസിഡണ്ടും, സമുദായ സ്വത്തുക്കളുടെ മെത്രാപ്പോലീത്താ ട്രസ്റ്റിയും ആയിരിക്കുന്നതാകുന്നു. മലങ്കരയുള്ള എല്ലാ പള്ളികളും ഔദ്യോഗികമായി മലങ്കര മെത്രാപ്പോലീത്തായ്ക്ക് സന്ദർശിക്കാവുന്നതും ആവശ്യമെന്നു തോന്നിയാൽ ഇടവക മെത്രാപ്പോലീത്തായെ വിവരം അറിയിച്ച് പള്ളി ഇടവക യോഗവും, മെത്രാസന ഇടവക യോഗവും വിളിച്ചു കൂട്ടാവുന്നതും ആകുന്നു. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും, രണ്ട് വ്യക്തികളായി വരുമ്പോൾ അവരുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച് ആവശ്യമായ വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

## 5. കാതോലിക്കാ

99. മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ 1912-ൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിക്കപ്പെട്ടിട്ടുള്ളതും അന്നു മുതൽ ഈ സ്ഥാപനം പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ വ്യാപരിച്ചു വരുന്നതുമാകുന്നു.

100. മേല്പട്ടക്കാരെ വാഴിക്കുക, എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ആദ്ധ്യക്ഷ്യം വഹിക്കുക, സുന്നഹദോസിന്റെ നിശ്ചയങ്ങളെ പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, സുന്നഹദോസിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഭരണം നടത്തുക, മൂറോൻ കൂദാശ ചെയ്യുക എന്നിവ കാതോലിക്കായുടെ അധികാരത്തിൽപ്പെട്ടവയാകുന്നു.

## 6. പാത്രിയർക്കീസ്

101. കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കര സഭ അംഗീകരിക്കുന്നതാകുന്നു.

## 7. എപ്പിസ്കോപ്പൽ സിനഡ്

102. മലങ്കര ഒരു എപ്പിസ്കോപ്പൽ സിനഡ് ഉണ്ടായിരിക്കുന്നതാകുന്നു.

103. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ സഭാ ഭരണഘടന പ്രകാരം അംഗീകരിക്കപ്പെടുന്ന എല്ലാ മേൽപ്പട്ടക്കാരും ഈ സിനഡിന്റെ അംഗങ്ങളായിരിക്കുന്നതാണ്.

104. കാതോലിക്കാ സിനഡിന്റെ പ്രസിഡണ്ടായിരിക്കുന്നതാകുന്നു.

105. കാതോലിക്കാ സിനഡ് വിളിച്ചു കൂട്ടുന്നതും സിനഡിൽ അദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.





106. കാതോലിക്കാ ഇല്ലാതെ വരുന്ന അവസരത്തിലോ, കാതോലിക്കായുടെ പേരിൽ പരാതി ഉണ്ടായാൽ അതേപ്പറ്റി ആലോചിക്കുന്നതിന് കാതോലിക്കാ സിനഡ് വിളിച്ചുകൂട്ടാത്ത അവസരത്തിലോ സീനിയർ മെത്രാപ്പോലീത്താ സിനഡ് വിളിച്ചുകൂട്ടുന്നതും സിനഡിൽ അദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.

107. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ, (Faith, Order, Discipline) എന്നിതുകളെ സ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിന് എപ്പിസ്കോപ്പൽ സിനഡിന് അധികാരമുള്ളതാകുന്നു. ഇതിലേക്കായി സിനഡ് കൂടുമ്പോൾ ആലോചനയ്ക്കായി സിനഡിന് ആവശ്യമെന്നു തോന്നുന്നവരെ തെരഞ്ഞെടുക്കാവുന്നതാകുന്നു.

108. സഭയുടെ വിശ്വാസങ്ങളെ ഭേദപ്പെടുത്തുന്നതിന് ആർക്കും തന്നെ അവകാശമില്ലാത്തതാകുന്നു. എന്നാൽ വിശ്വാസം ഇന്നതാണെന്നുള്ളതിനെ സംബന്ധിച്ച് തർക്കമുണ്ടായാൽ മേൽ പ്രസ്താവിച്ച എപ്പിസ്കോപ്പൽ സിനഡിനു തീരുമാനം ചെയ്യാവുന്നതും, ഇതിന്റെ അവസാന തീരുമാനം ആകമാന സുന്നഹദോസിന് ഇരിക്കുന്നതും ആകുന്നു.

109. വൈദിക വിദ്യാഭ്യാസം, മിഷൻ വേല, സണ്ടേസ്കൂൾ മുതലായ സംഗതികൾക്ക് അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടുകൂടി എപ്പിസ്കോപ്പൽ സിനഡിനു സബ് കമ്മറ്റികളെ നിയമിക്കാവുന്നതാകുന്നു.

## 8. പട്ടംകൊട

### A. ശെമ്മാശന്മാരും കശീശന്മാരും

110. വൈദിക സ്ഥാനാർത്ഥി ഡിഗ്രി പരീക്ഷയെങ്കിലും പാസ്സായവനായിരിക്കണം.

111. പട്ടം കിട്ടണമെന്ന് ആഗ്രഹിക്കുന്നവർ ഇടവക പൊതുയോഗത്തിന്റെ ശുപാർശയോടുകൂടിയോ സ്വന്ത നിലയിലോ ഇടവക മെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിക്കേണ്ടതും അദ്ദേഹം അന്വേഷണം നടത്തി

വിരോധമില്ലെന്നു തോന്നുന്ന പക്ഷം അവരെ മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കലേക്ക് അയയ്ക്കേണ്ടതും അദ്ദേഹം അവരെ സൗകര്യം പോലെ സമുദായം വക വൈദിക സെമിനാരിയിലേക്ക് അയയ്ക്കേണ്ടതും ആവശ്യമുള്ള വൈദിക പഠനത്തിനുശേഷം പട്ടത്വത്തിനു യോഗ്യന്മാരാണെന്ന് സെമിനാരി പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നതായാൽ ഇടവക മെത്രാപ്പോലീത്തായോ, മലങ്കര മെത്രാപ്പോലീത്തായോ യുക്തം പോലെ അവർക്കു പട്ടം കൊടുക്കുന്നതും ആകുന്നു. എന്നാൽ മൂന്നു വർഷത്തെ വൈദിക പഠനത്തിനുശേഷം സെമിനാരി പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ് ഉള്ള പക്ഷം കോറൂയോ പട്ടം കൊടുക്കാവുന്നതാകുന്നു.

### B. മേല്പട്ടക്കാർ

112. മലങ്കരയ്ക്ക് ആവശ്യമുള്ള എപ്പിസ്കോപ്പന്മാരെയും മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കാ വാഴിക്കുന്നതാകുന്നു. ഒരു എപ്പിസ്ക്കോപ്പായേയോ, മെത്രാപ്പോലീത്തായേയോ വാഴിക്കുമ്പോൾ, വാഴിക്കപ്പെടുന്ന മേല്പട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കായ്ക്കു ശൽമൂസൊ എഴുതിവയ്ക്കേണ്ടതാകുന്നു. ഇപ്രകാരം വാഴിക്കപ്പെടുന്ന മേല്പട്ടക്കാരന് സ്ഥാത്തിക്കോൻ കാതോലിക്കാ കൊടുക്കുന്നതാകുന്നു.

113. ഒരാൾക്ക് എപ്പിസ്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുന്ന പക്ഷം സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിനു പട്ടം കൊടുക്കേണ്ടതും ആകുന്നു. തെരഞ്ഞെടുപ്പിന് അസോസിയേഷനിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം





ഉണ്ടായിരിക്കേണ്ടതാകുന്നു.

114. ഒരാളെ കാതോലിക്കാ ആയി വാഴിക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുന്നപക്ഷം സിനഡ് ആ ആളിനെ കാതോലിക്കാ ആയി വാഴിക്കേണ്ടതും ആകുന്നു. മലങ്കര സഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ, കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനെയും ക്ഷണിക്കേണ്ടതും പാത്രിയർക്കീസ് വരുന്ന പക്ഷം സിനഡിന്റെ പ്രസിഡണ്ട് എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കേണ്ടതും ആകുന്നു.

## 9. പരാതികളും വിധികളും

115. ഒരു അയ്മേനിയുടെയോ, ശെമ്മാശ്ശന്റെയോ, കശ്ശീശായുടെയോ പേരിലുള്ള പരാതി അവർ ഏതു മെത്രാസന ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ മെത്രാസന ഇടവകയുടെ മെത്രാപ്പൊലീത്തായുടെ അടുക്കൽ വേണ്ടതാകുന്നു.

116. മെത്രാപ്പോലീത്താ ആ പരാതി മെത്രാസന കൗൺസിലിൽ കൊണ്ടുവരേണ്ടതും ഇരു കക്ഷികൾക്കും നോട്ടീസ് കൊടുത്ത് അവരുടെ തെളിവുകൾ വാങ്ങി വാദം കേട്ടതിനുശേഷം കൗൺസിലിലെ അംഗങ്ങളുടെ ആലോചനയോടുകൂടി തീരുമാനം ചെയ്യേണ്ടതും ആകുന്നു. ഇങ്ങനെ തീരുമാനം ചെയ്യുന്നതുവരെ യുക്തമെന്നു തോന്നുന്ന നടപടികൾ ഇടവകമെത്രാപ്പോലീത്തായ്ക്കു തനിച്ചു സ്വീകരിക്കാവുന്നതാകുന്നു.

117. ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ മലങ്കര മെത്രാപ്പോലീത്തായുടെ അടുക്കൽ അപ്പീൽ ചെയ്യാവുന്നതും അദ്ദേഹം അപ്പീൽ എപ്പിസ്കോപ്പൽ സിനഡിൽ കൊണ്ടുവരേണ്ടതും ഇരു കക്ഷികൾക്കും നോട്ടീസ് കൊടുത്ത് അവരുടെ വാദം കേട്ടതിനുശേഷം എപ്പിസ്കോപ്പൽ സിനഡിലെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം വിധി പ്രസ്താവി

ക്കേണ്ടതും ആകുന്നു. ഇതിലേക്കായി എപ്പിസ്ക്കോപ്പൽ സിനഡു കൂടുന്ന അവസരത്തിൽ മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളിൽ ആവശ്യമെന്നുതോന്നുന്നവരെ ആലോചനക്കാരായി ക്ഷണിക്കാവുന്നതാകുന്നു. മേൽ 62-ാം വകുപ്പിൽ പറയുന്ന പ്രകാരം ഇടവകമെത്രാപ്പോലീത്തായുടെ തീരുമാനത്തിന്മേൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് നിരോധന കല്പന അയയ്ക്കാവുന്നതാകുന്നു.

118. മേല്പട്ടക്കാരുടെ പേരിലുള്ള പരാതി എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡണ്ടിന്റെ അടുക്കൽ കൊണ്ടുവരേണ്ടതും പ്രസിഡണ്ട് അതിനെ സിനഡിൽ കൊണ്ടുവരേണ്ടും ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത് തെളിവെടുത്ത് വാദം കേട്ടതിനുശേഷം സിനഡിന്റെ ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രസിഡണ്ട് വിധി പ്രസ്താവിക്കേണ്ടതും ആകുന്നു. പരാതി കാതോലിക്കായെപ്പറ്റിയാണെങ്കിൽ മലങ്കര സഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ പാത്രിയർക്കീസിനെക്കൂടെ ക്ഷണിക്കേണ്ടതും അദ്ദേഹം വരുന്നപക്ഷം സിനഡിന്റെ പ്രസിഡണ്ട് ആയിരിക്കുന്നതും വരാത്തപക്ഷം സിനഡ് വിധി കല്പിക്കുന്നതുമാകുന്നു. ഇവയ്ക്കായി കൂടുന്ന സിനഡിൽ ആലോചനയ്ക്കായി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങളിൽ ആവശ്യമെന്നു തോന്നുന്നവരെ ക്ഷണിക്കാവുന്നതാകുന്നു.

119. മേല്പട്ടക്കാരെ സംബന്ധിച്ചുള്ള വിചാരണ നടക്കുന്ന അവസരത്തിൽ കാനോനിലും വേദശാസ്ത്രത്തിലും വിദഗ്ധത സിദ്ധിച്ചിട്ടുള്ള രണ്ടുപേരെയും നിയമ പരിജ്ഞാനമുള്ള രണ്ടുപേരെയും ആലോചനയ്ക്കായി ക്ഷണിക്കാവുന്നതാകുന്നു. ഇവർ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ അംഗങ്ങൾ ആയിരിക്കേണ്ടതാകുന്നു.

## 10. വരുമാനം

120. 21 വയസ് പ്രായം തികഞ്ഞ എല്ലാ ഇടവകാംഗങ്ങളിൽ നിന്നും ആണ്ടിൽ അഞ്ചു രൂപ വീതം റിശീസാ ഓരോ പള്ളിയിലെയും വികാരി പിരിക്കേണ്ടതും, ആയത് കാതോലിക്കായ്ക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.





121. പള്ളി വരുമാനങ്ങളുടെയും പട്ടത്വവരുമാനങ്ങളുടെയും നിരക്കു മുതലായവ എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി മാനേജിംഗ് കമ്മറ്റിക്ക് നിശ്ചയിക്കാവുന്നതാകുന്നു.

122. ഒരു പള്ളിയുടെ സ്വത്തുക്കളുൾപ്പെടെ ആണ്ടുതോറുമുള്ള മൊത്തം വരുമാനത്തിൽ ആദ്യത്തെ 500 രൂപായ്ക്ക് 10 ശതമാനവും പിന്നീട് 500 രൂപാ മുതൽ 1500 രൂപാവരെ 5 ശതമാനവും 1500 രൂപായ്ക്ക് മേലുള്ള തുകയ്ക്ക് 2.5 ശതമാനവും ആണ്ടുതോറും മലങ്കര മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു. ഏതെങ്കിലും പള്ളിയുടെ മേൽപ്രകാരമുള്ള ശതമാനം പത്തു രൂപയിൽ കുറവാണെങ്കിൽ പത്തു രൂപയിൽ കുറയാതെ ഈ ഇനത്തിൽ ആ പള്ളിയിൽ നിന്നും മലങ്കര മെത്രാപ്പോലീത്തായ്ക്ക് അയച്ചു കൊടുക്കേണ്ടതാകുന്നു.

123. ഇങ്ങനെ കിട്ടുന്ന തുകയിൽ 10 ന് 4 വീതം ഇടവകമെത്രാപ്പോലീത്തായ്ക്കും 2 വീതം മെത്രാസന ഇടവക ഫണ്ടിലേയ്ക്കും, 1 വീതം മലങ്കര മെത്രാപ്പോലീത്തായ്ക്കും, 3 വീതം മലങ്കര ഇടവക ഫണ്ടിലേക്കും മലങ്കര മെത്രാപ്പോലീത്താ വീതിച്ചുകൊടുക്കേണ്ടതാകുന്നു.

## 11. സന്യാസാശ്രമങ്ങൾ

124. സന്യാസാശ്രമങ്ങളോ അതുപോലുള്ള സ്ഥാപനങ്ങളോ എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടു കൂടി മാത്രം തുടങ്ങേണ്ടതും അതുകൾ എപ്പിസ്ക്കോപ്പൽ സിനഡിന് കീഴ്പ്പെട്ടിരിക്കുന്നതും ആകുന്നു.

125. ടി സ്ഥാപനങ്ങളിലെ അംഗങ്ങളിൽ ആരെങ്കിലുമോ എല്ലാവരുമോ ഈ സഭ വിട്ട് അന്യസഭയിലേക്കു പോകുന്നതായാൽ അവർക്ക് ടി സ്ഥാപനങ്ങളിന്മേലും അവയുടെ സ്വത്തുക്കളിന്മേലും ഉള്ള അവകാശം നശിച്ചുപോകുന്നതും ടി സ്ഥാപനങ്ങളും സ്വത്തുക്കളും ഈ സഭ വകയായി എന്നും ഇരിക്കുന്നതുമാകുന്നു.

## 12. റൂൾ കമ്മറ്റി

126. ഈ ഭരണഘടനയിൽ കാലസ്ഥിതി അനുസരിച്ചും സൗകര്യം അനുസരിച്ചും ആവശ്യമായി വരാവുന്ന ഭേദഗതികൾ വരുത്തുന്നതിലേക്ക് അസോസിയേഷൻ മാനേജിംഗ് കമ്മറ്റി നിയമിക്കുന്ന ഒരു റൂൾ കമ്മറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു. ഈ റൂൾ കമ്മറ്റിയുടെ പ്രസിഡണ്ട് ഒരു മേല്പട്ടക്കാരൻ ആയിരിക്കുന്നതാകുന്നു.

127. റൂൾ കമ്മറ്റി ഭേദഗതികൾ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ സമർപ്പിക്കേണ്ടതും അസോസിയേഷൻ മാനേജിംഗ് കമ്മറ്റി പാസ്സാക്കുന്ന നിശ്ചയങ്ങൾ അസോസിയേഷനും എപ്പിസ്കോപ്പൽ സിനഡും ഭേദപ്പെടുത്തുന്നതുവരെ നടപ്പിൽ ഇരിക്കുന്നതും ആകുന്നു.

## 13. പലവക

128. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ എന്നിതുകളെ ബാധിക്കുന്ന യാതൊരു നിശ്ചയവും പാസ്സാക്കുന്നതിന് ഇടവകയോഗത്തിനോ, ഇടവക മാനേജിംഗ് കമ്മറ്റിക്കോ, മെത്രാസന ഇടവക യോഗത്തിനോ, മെത്രാസന കൗൺസിലിനോ, മലങ്കര അസോസിയേഷനോ, അസോസിയേഷൻ മാനേജിംഗ് കമ്മറ്റിക്കോ അധികാരമില്ലാത്തതാകുന്നു.

129. ഈ നിയമങ്ങളിൽ അടങ്ങിയ തത്വത്തിന് വിരോധമല്ലാത്ത ഉപ ചട്ടങ്ങളെ (Byelaws) ഇടവകയോഗം, മെത്രാസന ഇടവക യോഗം, മെത്രാസന കൗൺസിൽ എന്നീ സ്ഥാപനങ്ങൾ അപ്പോഴപ്പോൾ പാസ്സാക്കി റൂൾ കമ്മറ്റി വഴി മാനേജിംഗ് കമ്മറ്റിയിൽ കൊണ്ടുവന്ന് മാനേജിംഗ് കമ്മറ്റിയുടെ അനുമതിയോടുകൂടി നടപ്പിൽ വരുത്തിക്കൊള്ളാവുന്നതാകുന്നു

130. ഈ ഭരണഘടനയിൽ സമിതിയോ സ്ഥാനമോ എത്രകാലത്തേക്ക് എന്നു ക്ലിപ്തമുണ്ടെങ്കിലും അടുത്ത സമിതിയോ സ്ഥാനമോ നടപ്പിൽ വരുത്തുന്നതുവരെ മുൻ സമിതിയോ സ്ഥാനമോ വ്യാപരിക്കുന്നതാകുന്നു.





131. ഏതെങ്കിലും ഒരു കമ്മറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തുടർച്ചയായി മൂന്നു യോഗങ്ങളിൽ തക്കതായ കാരണം കൂടാതെ ഹാജരാകാതെയിരുന്നാൽ അവരുടെ അംഗത്വം നശിച്ചു പോകുന്നതാകുന്നു. കാരണം തക്കതായതോ എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം അതതു കമ്മറ്റിക്കുള്ളതാകുന്നു.

132. ഈ ഘടനയിലെ നിബന്ധനയോടു ചേർച്ചയില്ലാത്തതും ആനുകൂലമില്ലാത്തതുമായി സഭയിലും ഇടവകകളിലും ഉണ്ടായിരിക്കാവുന്ന എല്ലാ ഉടമ്പടികളും ഉദ്യോഗങ്ങളും നടപ്പുകളും ഇതിനാൽ ദുർബ്ബലപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.

133. ഈ ഭരണഘടനയിൽ ഇടവക മെത്രാപ്പോലീത്താ എന്ന പദം ഇടവക ഭരണമുള്ള ഏതൊരു മേല്പട്ടക്കാരനെയും കുറിക്കുന്നതാകുന്നു.

134. (നീക്കം ചെയ്തു)

135. സഭയ്ക്കോ, സഭാ സ്ഥാനികൾക്കോ, സഭാ ഔദ്യോഗിക ഭാരവാഹികൾക്കോ എതിരായി നൽകുന്ന സിവിൽ വ്യവഹാരങ്ങൾ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഓഫീസോ, സഭാ കേന്ദ്ര ഓഫീസോ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്മേൽ അധികാരമുള്ള കോടതികളിൽ മാത്രം ഫയൽ ചെയ്യേണ്ടതാകുന്നു.

(1934 ഡിസംബർ 26-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലും, മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിലും പാസാക്കി അന്നുമുതൽ നടപ്പിലിരിക്കുന്നതും പിന്നീട് ആവശ്യമായ ഭേദഗതികൾ 1951-ലും, 1967-ലും, 1997-ലും, 2006-ലും 2011-ലും വരുത്തിയിട്ടുള്ളതുമാകുന്നു.)